അബ്ദുൽഹകീം നദ്‌വി

# ഭൂവിനിയോഗം ചില ഖുർആനിക സൂചനകൾ

**മണ്ണിന്റെ** ഉപയോഗത്തിൽ വന്ന കാതലായ മാറ്റമാണ് ഭൂവിനിയോഗത്തിന്റെ രാഷ്ട്രീയത്തിൽ ആദ്യമായി ചർച്ച ചെയ്യപ്പെടേണ്ടത്. കൃഷിഭൂമിയുടെ വിസ്തീർണം അനുനിമിഷം ചുരുങ്ങി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ ജൈവ ഘടനയെ തകർക്കുന്നതും പ്രകൃതിസന്തുലനം തെറ്റിക്കുന്നതുമായ ദുരുപയോഗമാണ് ഭൂമിയുടെ വീതംവെപ്പിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. കാടും മലയും വെട്ടിനിരത്തി തോടും പാടവും നികത്തി പ്രകൃതിയെ കൊന്ന് കൊലവിളിക്കുന്ന വികസന ഭ്രാന്ത് ഭൂമിയുടെ ജൈവ ഘടനയെ മാത്രമല്ല അതിന്റെ നിലനിൽപ്പു തന്നെ അപകടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഭൂവിനിയോഗത്തിന്റെ ഭൗതിക രാഷ്ട്രീയ വീക്ഷണങ്ങൾ ഇന്ന് ധാരാളമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. ദൈവിക ദർശനത്തിന്റെ നിലപാടുതറയിൽനിന്നുള്ള ഒരു ഖുർആനിക വായന ഈ സന്ദർഭത്തിൽ ഏറെ പ്രസക്തവും അനിവാര്യവുമാണ്.

ഭൂമിയുടെ ജൈവഘടനയെ നിലനിർത്തുകയും പ്രകൃതിസന്തുലിതത്വം തകരാതെ കാക്കുകയും ചെയ്യുക എന്നതാണ് ഭൂവിനിയോഗത്തിന്റെ ഖുർആനിക നിലപാടിന്റെ കാതൽ. ഭൂമിയിൽ നിങ്ങൾ 'ഫസാദ്' ഉണ്ടാക്കരുതെന്ന് ആവർത്തിക്കുന്ന ഖുർആൻ, ധാർമികതക്ക് നിരക്കാത്ത യാതൊന്നും ചെയ്യാൻ പാടില്ല എന്നതോടൊപ്പം ഭൂമിയുടെ പ്രകൃതിപരമായ തനിമ നിലനിർത്തണം എന്നുകൂടി ഉണർത്തുന്നുണ്ട്.

ആകാശംമുട്ടെ ഉയർന്നുനിൽക്കുന്ന കെട്ടിടങ്ങളും വ്യവസായ കേന്ദ്രങ്ങളും കൊട്ടാരസമാനമായ ഭവനങ്ങളും നിറഞ്ഞുനിൽക്കുന്ന ഭൂമിയുടെ 'സൗന്ദര്യ'ത്തെക്കുറിച്ച് ഖുർആനിൽ എവിടെയും പറയുന്നില്ല. അത്തരം ഒരു നാഗരികതയും വികസന സംസ്കാരവും ഖുർആനിന് പരിചയമില്ലാത്തതുകൊണ്ടല്ല ഇത്. പർവതങ്ങളും കുന്നുകളും തുരന്ന് കെട്ടിടങ്ങളുണ്ടാക്കി, അതിന്റെ പേരിൽ അഹങ്കരിച്ചിരുന്ന ജനതതികളെ ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്. "നീ കണ്ടില്ലയോ, ആദ് ജനതയെ നിന്റെ റബ്ബ് എന്ത് ചെയ്തുവെന്ന്? അതായത്, ഉന്നത സ്തൂപങ്ങളുള്ള ഇറം ജനതയെ? അവർക്ക് തുല്യമൊരു ജനം എവിടെയും സൃഷ്ടിക്കപ്പെട്ടിട്ടില്ലായിരുന്നു. താഴ്‌വാരങ്ങളിൽ പാറകൾ തുരന്ന സമൂദ് വംശത്തോടും? കീലങ്ങളുടെ ഉടമയായ ഫറവോനോടും? ദേശങ്ങളിൽ മഹാധിക്കാരങ്ങളനുവർത്തിക്കുകയും അങ്ങനെ അതിൽ നാശം ഉണ്ടാക്കുകയും ചെയ്ത ജനമത്രെ അവർ. നിന്റെ നാഥൻ അവരുടെ മേൽ ശിക്ഷയുടെ ചമ്മട്ടി ചൊരിഞ്ഞു. നിശ്ചയം നിന്റെ നാഥൻ പതിസ്ഥലത്ത് കാത്തുനിൽക്കുന്നുണ്ട്" (*അൽ ഫജ്ർ* 6-14).

*അശ്ശുഅറാഅ്* അധ്യായത്തിൽ ഇപ്രകാരം പറയുന്നു: ''നിങ്ങൾ എന്താണ് ചെയ്യുന്നത്, ഉയർന്ന സ്ഥലങ്ങളിലൊക്കെ വൃഥാ സ്മാരക സൗധങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഗംഭീരമായ കൊട്ടാരങ്ങളും പണിയുന്നുവല്ലോ. നിങ്ങൾക്ക് അനന്തകാലം വസിക്കാനുള്ളതുപോലെ. ആരെയെങ്കിലും ദ്രോഹിക്കുമ്പോൾ നിങ്ങൾ നിഷ്ഠുരമായി ദ്രോഹിക്കുന്നു" (127-130). ഉയർന്ന കെട്ടിടങ്ങളും സ്മാരകങ്ങളും കൊട്ടാരങ്ങളും പണിതുയർത്തി പൊങ്ങച്ച പ്രകടനം നടത്തിയവരുടെ പൊള്ളത്തരം തുറന്ന് കാണിക്കുകയാണ് ഖുർആൻ.

വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്ന ക്ഷേമ രാഷ്ട്രമാണ് 'സബഅ്.' ആ രാഷ്ട്രത്തിന്റെ അഭിവൃദ്ധിയുടെ കാരണം ഖുർആൻ വിലയിരുത്തുന്നത് ഇങ്ങനെയാണ്: "സബഅ് രാജ്യം, അവരുടെ വാസസ്ഥലത്തു തന്നെ ദൃഷ്ടാന്തമുണ്ടായിരുന്നു. ഇടത്തും വലത്തും രണ്ട് തോപ്പുകൾ. നിങ്ങളുടെ റബ്ബിന്റെ വിഭവങ്ങൾ നിങ്ങൾ ആഹരിച്ചു കൊള്ളുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക. വിശിഷ്ടമായ നാട്, ഏറെ വിട്ടുവീഴ്ച ചെയ്യുന്ന നാഥനും" (*സബഅ്* 15). ഉത്തമ രാജ്യമെന്ന് ഖുർആൻ പരിചയപ്പെടുത്തിയ ഈ നാടിന്റെ സമൃദ്ധിയും ഐശ്വര്യവും നിലകൊള്ളുന്നത് പ്രകൃതി രമണീയമായ ഭൂസമ്പത്ത് കൊണ്ടാണെന്ന് ഖുർആൻ ബോധ്യപ്പെടുത്തുന്നു.

മനുഷ്യൻ അധിവസിക്കുന്ന ഭൂമിയുടെ ജൈവസൗന്ദര്യം നിലനിർത്തി സംരക്ഷിക്കുന്ന സ്രഷ്ടാവിന്റെ കഴിവിനെ ഓർമപ്പെടുത്തിക്കൊണ്ടാണ് സത്യസന്ദേശത്തിലേക്ക് ഖുർആൻ ജനങ്ങളെ ക്ഷണിക്കുന്നത്. അല്ലാഹു പറയുന്നു: "മനുഷ്യരേ, നിങ്ങളുടെയും മുമ്പ് കഴിഞ്ഞുപോയ സകലരുടെയും സ്രഷ്ടാവിന്റെ അടിമത്തം അംഗീകരിക്കുവിൻ. അതുവഴി നിങ്ങൾക്ക് മുക്തി പ്രതീക്ഷിക്കാം. നിങ്ങൾക്കായി ഭൂമിയുടെ മെത്ത വിരിക്കുകയും ആകാശത്തിന്റെ മേലാപ്പ് നിർമിക്കുകയും ആകാശത്തുനിന്ന് ജലം വർഷിക്കുകയും അങ്ങനെ നാനാതരം കാർഷികോൽപന്നങ്ങൾ ഉൽപാദിപ്പിച്ചു കൊണ്ട് നിങ്ങൾക്ക് വിഭവങ്ങളൊരുക്കിത്തരികയും ചെയ്തത് അവനാണല്ലോ. അതെല്ലാം അറിഞ്ഞിരിക്കെ നിങ്ങൾ മറ്റുള്ളവരെ അല്ലാഹുവിന് തുല്യരാക്കാതിരിക്കുക" (*അൽ ബഖറ* 21, 22).

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന്റെ അന്നം ഈ പ്രകൃതി വിഭവങ്ങളോട് അങ്ങേയറ്റം ബന്ധപ്പെട്ട് കിടക്കുന്നു. "മനുഷ്യൻ സ്വന്തം അന്നത്തിലേക്കൊന്ന് നോക്കട്ടെ. നാം എത്ര ഭംഗിയായി അതിന് ജലസേചനം ചെയ്തു! പിന്നെ ഭൂമിയെ അത്ഭുതകരമായി നാം പിളർത്തി. എന്നിട്ട് ധാന്യവും മുന്തിരിവള്ളിയും പച്ചക്കറിയും ഒലീവും ഈത്തപ്പനയും ഇടതിങ്ങിയ തോട്ടങ്ങളും പലതരം പഴങ്ങളും പുൽച്ചെടികളുമെല്ലാം മുളപ്പിച്ചു. നിങ്ങൾക്കും നിങ്ങളുടെ നാൽകാലികൾക്കുമുള്ള ജീവിത വിഭവമായിട്ട്'' (*അബസ* 24-32).

വൈവിധ്യമാർന്ന സസ്യലതാദികളും വിളകളും ഫലങ്ങളും നിറഞ്ഞു നിൽക്കുന്ന പ്രകൃതിയുടെ സൗന്ദര്യം വർണിക്കുന്ന ഖുർആൻ സൂക്തങ്ങൾ ഏതൊരാളെയും ആകർഷിക്കാതിരിക്കില്ല. "പന്തലിൽ പടർത്തപ്പെടുന്നവയും അല്ലാത്തവയുമായ പലതരം ഉദ്യാനങ്ങളും ഈത്തപ്പഴത്തോട്ടങ്ങളും ഉണ്ടാക്കിയത് അല്ലാഹു മാത്രമാകുന്നു. പലതരം ഭോജ്യങ്ങൾ ലഭിക്കുന്ന വിളകളുണ്ടാക്കിയതും രൂപത്തിൽ സാദൃശ്യമുള്ളതും രുചിയിൽ വ്യത്യാസമുള്ളതുമായ ഫലങ്ങളുണ്ടാക്കുന്ന ഒലിവിന്റെയും ഉറുമാൻ പഴത്തിന്റെയും വൃക്ഷങ്ങളുണ്ടാക്കിയതും. അവ കായ്ക്കുമ്പോൾ ഫലങ്ങൾ ഭുജിച്ചുകൊള്ളുവിൻ, അവയുടെ കൊയ്ത്തു കാലത്ത് അല്ലാഹുവിന്റെ അവകാശം കൊടുക്കുകയും ചെയ്യുവിൻ'' (*അൽ അൻആം* 141). "വിണ്ണിൽനിന്ന് ജലം വർഷിപ്പിക്കുന്നതും അവൻ തന്നെയാകുന്നു. അതുവഴി നാം സകല സസ്യവർഗങ്ങളെയും മുളപ്പിച്ചു. എന്നിട്ടതിൽനിന്നും ഹരിതാഭമായ വയലുകളും വൃക്ഷങ്ങളും വളർത്തി. അനന്തരം നാം അതിൽ ധാന്യമണികൾ ഇടതിങ്ങിയ കതിരുകൾ ഉൽപാദിപ്പിച്ചു. സദൃശങ്ങളും എന്നാൽ വ്യതിരിക്തവുമായ ഫലങ്ങളുണ്ടാക്കുന്ന മുന്തിരിയുടെയും ഒലിവിന്റെയും ഉറുമാനിന്റെയും തോട്ടങ്ങളുണ്ടാക്കി. ഈ ചെടികൾ അതിൽ കനികളുണ്ടാക്കുകയും അനന്തരം അവ പാകമാകുകയും ചെയ്യുന്ന പ്രക്രിയ തെല്ല് സൂക്ഷ്മ ദൃഷ്ടിയോടെ വീക്ഷിക്കുവിൻ. ഇതിൽ വിശ്വസിക്കുന്ന ജനത്തിന് ദൃഷ്ടാന്തമുണ്ട്." (*അൽ അൻആം* 99). ഇനിയും സമാനമായ ധാരാളം സൂക്തങ്ങളുണ്ട്.

ചുരുക്കത്തിൽ, ഭൂമിയുടെ വിനിയോഗവും അവിടെ നടക്കുന്ന വികസനങ്ങളും പ്രകൃതിപരമായ അതിന്റെ താളാത്മകത തകർക്കുന്ന വിധത്തിലാകരുത് എന്നാണ് ഖുർആൻ താൽപര്യപ്പെടുന്നത്. മറിച്ചുള്ള ഇടപെടലുകൾ ഖുർആൻ കണിശമായും വിലക്കുന്നു.

ഭൂമിയുടെ പച്ചപ്പും പ്രകൃതി രമണീയതയും നിലനിർത്തുന്നതിൽ മനുഷ്യന്റെ ബോധപൂർവമായ ഇടപെടലുകളെ ഖുർആൻ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. കാർഷിക വൃത്തി ഏറെ പുണ്യകരമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നത് അതുകൊണ്ടാണ്. അല്ലാഹു അവന്റെ അടിമകൾക്ക് നൽകുന്ന അനുഗ്രഹങ്ങളെയും മനുഷ്യരിൽ തന്നെയുണ്ടാകുന്ന നന്മകളെയും വിശദീകരിക്കാൻ ഖുർആൻ സ്വീകരിച്ച പദങ്ങളും ഉപമകളുമെല്ലാം മിക്കപ്പോഴും കാർഷിക വൃത്തിയിൽനിന്നും കാർഷിക വിളകളിൽനിന്നുമാകുന്നത് ഒട്ടും യാദൃഛികമല്ല.

ദൈവാനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തായത് മരണാനന്തര സ്വർഗ ജീവിതമാണ്. സ്വർഗീയ ലോകത്തെ കുറിക്കാൻ ഖുർആൻ ഉപയോഗിച്ചത് ഉദ്യാനം, ആരാമം, പൂന്തോപ്പ് എന്നീ അർഥങ്ങളുള്ള 'ജന്നത്ത്' എന്ന പദമാണ്. 'താഴെ ആറുകൾ ഒഴുകുന്ന ഉദ്യാനങ്ങൾ' എന്ന് ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ കാണാം. "തന്റെ റബ്ബിന്റെ സന്നിധിയിൽ ഹാജറാക്കപ്പെടുമെന്ന് ഭയപ്പെട്ട ഓരോ മനുഷ്യനും രണ്ട് ഉദ്യാനമുണ്ട്. നിന്റെ റബ്ബിന്റെ ഏത് അനുഗ്രഹങ്ങളെയാണ് നിങ്ങൾ തള്ളിപ്പറയുക. പച്ചത്തഴപ്പുകൾ തിങ്ങിയവ...... രണ്ടുദ്യാനങ്ങളിലും രണ്ടരുവികൾ ഒഴുകിക്കൊണ്ടിരിക്കും...... എല്ലാ ഫലങ്ങളും രണ്ടിനങ്ങളുണ്ടായിരിക്കും.... ഉൾത്തലങ്ങൾ കസവുകൊണ്ട് ചിത്രവേല ചെയ്ത പട്ടുമെത്തകളിൽ അവർ ചാരിക്കിടക്കും. ഉദ്യാനശാഖകൾ നിറഞ്ഞ ഫലങ്ങളുമായി താഴ്ന്നു കിടക്കുന്നുണ്ടാകും" (*അർറഹ്മാൻ* 46-54).

ഇസ്‌ലാമികാദർശത്തിന്റെ കാമ്പും കാതലുമായ 'കലിമതുശ്ശഹാദ'യെ ഖുർആൻ ഉപമിക്കുന്നത് ഒരു നല്ല വൃക്ഷത്തോടാണ്. "അല്ലാഹു പരിശുദ്ധ വചനത്തെ എന്തിനോടാണ് ഉപമിച്ചതെന്ന് താങ്കൾ കാണുന്നില്ലേ? അതിന്റെ ഉപമ ഇപ്രകാരമാകുന്നു: ഒരു വിശിഷ്ട വൃക്ഷം. അതിന്റെ വേര് മണ്ണിൽ ആഴത്തിൽ ആണ്ടിറങ്ങിയിരിക്കുന്നു. ശാഖകളോ അംബര ചുംബികളും. എല്ലാ കാലത്തും അത് നാഥന്റെ കൽപനപ്രകാരം ഫലം നൽകിക്കൊണ്ടിരിക്കുന്നു" (*അൽ അമ്പിയാഅ്* 24, 25).

ദൈവമാർഗത്തിൽ സമ്പത്ത് വ്യയം ചെയ്ത് പുണ്യം കരസ്ഥമാക്കാൻ ആഗ്രഹിച്ചവന് അല്ലാഹു നൽകുന്ന പ്രതിഫലത്തെ ഖുർആൻ പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ്: "ദൈവിക സരണിയിൽ തങ്ങളുടെ സമ്പത്ത് ചെലവഴിക്കുന്നവരുടെ ഉപമ, ഒരു ധാന്യമണി, അത് ഏഴ് കതിരിട്ടു, ഓരോ കതിരിലും നൂറുമണികൾ! അല്ലാഹു അവനിഛിക്കുന്നവരുടെ കർമത്തെ ഇവ്വിധം ഇരട്ടിപ്പിച്ച് നൽകുന്നു" (*അൽ ബഖറ* 261).

കർമങ്ങളിൽ ഏറെ പ്രതിഫലാർഹമായത് അല്ലാഹുമായി നേരിട്ട് അഭിമുഖം നടത്തുന്ന നമസ്കാരമാണ്. ആ നമസ്കാരം പോലും ഭൂമിയുടെ പച്ചപ്പ് നിലനിർത്തുകയും അതിനെ ഉൽപാദനക്ഷമമാക്കുകയും ചെയ്യുന്ന കാർഷിക വൃത്തിക്ക് തടസ്സമാകരുതെന്ന ഇസ്‌ലാമിക പാഠം ഏറെ ശ്രദ്ധേയമാണ്. ജാബിർ ഇബ്നു അബ്ദില്ല ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം. "ഒരു വൈകുന്നേരം തോട്ടം നനക്കാനായി രണ്ട് ഒട്ടകങ്ങളുമായി ഒരാൾ തോട്ടത്തിലെത്തി. മുആദ്(റ) അവിടെ വെച്ച് നമസ്കരിക്കുന്നത് കണ്ട് അയാൾ മുആദിന് പിന്നിൽനിന്ന് നമസ്കാരമാരംഭിച്ചു. സൂറത്തുൽ ബഖറയോ അന്നിസാഓ ആയിരുന്നു മുആദ് പാരായണം ചെയ്തിരുന്നത്. നമസ്കാരം ദീർഘിക്കുമെന്ന് മനസ്സിലാക്കിയ തോട്ടക്കാരൻ ഇമാമിനെ ഒഴിവാക്കി ഒറ്റക്ക് നമസ്കാരം പെട്ടെന്ന് പൂർത്തീകരിച്ച് തോട്ടം നനക്കാൻ പോയി. മുആദ് അയാളെ 'നേതൃത്വത്തെ ധിക്കരിച്ച കപടവിശ്വാസി' എന്നാക്ഷേപിച്ചു. അയാൾ നബി(സ)യോട് പരാതി പറഞ്ഞു. നബി മുആദിനെ വിളിച്ചു വരുത്തി ശാസിച്ചു. മുആദ്, താങ്കൾ കുഴപ്പക്കാരനാവുകയാണോ? മൂന്നു തവണ ചോദ്യം ആവർത്തിച്ചു." നമസ്കാരം ദീർഘിപ്പിച്ച് തോട്ടം പരിപാലിക്കുന്നവന് തടസ്സം സൃഷ്ടിച്ച ഗവർണറായ മുആദിന്റെ നടപടി ശരിയായില്ല എന്ന് ഉണർത്തുകയായിരുന്നു പ്രവാചകൻ.

ഭൂവിനിയോഗത്തിന്റെ ഇസ്‌ലാമിക അടിത്തറയും അതിനെ ജീവസ്സുറ്റതാക്കി നിലനിർത്തേണ്ടതിന്റെ ആവശ്യകതയുമാണ് മേലുദ്ധരിച്ച ഖുർആനിക സൂക്തങ്ങളും പ്രവാചക വചനങ്ങളും ഓർമപ്പെടുത്തുന്നത്. വിഭവ ദൗർലഭ്യം പരിഹരിക്കാനുള്ള മുഖ്യ സ്രോതസ്സാണ് ഭൂനിലങ്ങൾ. ജനസംഖ്യ വർധിച്ചുകൊണ്ടിരിക്കുന്നതിൽ ആവലാതിപ്പെടുന്നവർ തന്നെയാണ്, കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ദുരുപയോഗപ്പെടുത്തുന്നത്. ദശലക്ഷക്കണക്കിന് ഹെക്ടർ നിലം തരിശാക്കിയും നികത്തിയും നശിപ്പിക്കുന്ന തലതിരിഞ്ഞ ഭ്രാന്തൻ വികസനത്തെ ചെറുക്കാൻ ഭൂവിനിയോഗത്തിന്റെ ഖുർആനിക കാഴ്ചപ്പാടനുസരിച്ച് ഒരു വികസനനയം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ■